കെ.എസ്.ഇ.ബി. ജീവനക്കാരുടെ ആനുകൂല്യങ്ങൾ

21 (388) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യിൽ എത്ര ജീവനക്കാരുണ്ടെന്നും ഇവരുടെ വേതനമടക്കമുള്ള ആനുകൂല്യങ്ങൾക്ക് പ്രതിമാസം ബോർഡിന് എത്ര രൂകയാണ് ആവശ്യമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി.-യിൽ എത്ര പെൻഷനേഴ്സ് ഉണ്ടെന്നും ഇവർക്ക് പ്രതിമാസം പെൻഷനും മറ്റുമായി എത്ര രൂക ചെലവഴിക്കേണ്ടി വരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 33190 ജീവനക്കാർ ജോലി ചെയ്യുന്നു. 2014-15 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കു പ്രകാരം ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ ഒരു മാസം ശരാശരി 149.66 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) 32459 പെൻഷൻകാർ.

2014-15 വർഷത്തെ താത്കാലിക കണക്കുപ്രകാരം പ്രതിമാസം പെൻഷനും മറ്റുമായി ശരാശരി 80.31 കോടി രൂപ ചെലവാകുന്നുണ്ട്.

കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ

22 (389) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ അഭാവം പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒഴിവുള്ള തസ്തികയിൽ പ്രൊമോഷൻ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇലക്ട്രിസിറ്റി വർക്കർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(ഇ) സംസ്ഥാനത്ത് ലൈൻമാൻ, ഓവർസീയർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുണ്ടെന്നും അർഹമായ മുഴുവൻ പേർക്കും സ്ഥാനക്കയറ്റം നൽകിയാൽ 2015 ഏപ്രിൽ 30 വരെ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അർഹമായ എല്ലാവർക്കും സ്ഥാനക്കയറ്റം നൽകിയാൽ 2015 ഏപ്രിൽ 30 വരെ ഇലക്ട്രിസിറ്റി വർക്കർമാരുടെ എത്ര ഒഴിവുണ്ടാകുമെന്ന് ജില്ലതിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പ്രൊമോഷൻ യഥാസമയം നടത്തുന്നുണ്ട്.

(ഡി) നിലവിൽ ഒഴിവില്ല.

(ഇ)

ലൈൻമാൻ	ഒഴിവില്ല
ഓവർസീയർ	185
സബ് എഞ്ചിനീയർ	736
അസിസ്റ്റന്റ് എഞ്ചിനീയർ	274

2015 ഏപ്രിൽ 30 വരെ പ്രൊമോഷന് അർഹമായ ഒഴിവുകൾ എല്ലാം നികത്തിയിട്ടുണ്ട്.

(എഫ്) ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ ഒഴിവുകൾ ഇല്ല.

കെ.എസ്.ഇ.ബി.-യിലെ പെൻഷൻ

23 (390) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര പെൻഷൻകാരുണ്ട് ; ഒരു മാസത്തെ പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) ഈ സ്ഥാപനത്തിലെ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) വൺ റാങ്ക് വൺ പെൻഷൻ പദ്ധതി വൈദ്യുതി ബോർഡിൽ നടപ്പിലാക്കുവാൻ സന്നദ്ധമാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly